കേരളസർവകലാശാല

നം.പി.ആർ.05/2022

# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം – 2021
## സ്പോട്ട് അഡ്മിഷൻ – തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ മേഖല – ജനുവരി 10, 11, 12 തീയതികളിൽ
## പുതിയ രജിസ്ട്രേഷനും പ്രൊഫൈൽ തിരുത്തുവാനുമുള്ള അപേക്ഷ ജനുവരി 08 വരെ

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/ സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ ഒന്നാം വർഷ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് മേഖല തലത്തിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നു. തിരുവനന്തപുരം, മേഖലയിലുള്ള കോളേജുകളുടെ സ്പോട്ട്അഡ്മിഷൻ ജനുവരി 10–നും, കൊല്ലം ജനുവരി 11–നും ആലപ്പുഴ മേഖലയിലുള്ള കോളേജുകളുടെ സ്പോട്ട് അഡ്മിഷൻ ജനുവരി 12–നും നടത്തുന്നതാണ്.

പുതിയ രജിസ്ട്രേഷനും പ്രൊഫൈൽ തിരുത്തുവാനുമുള്ള അവസരം ജനുവരി 08–ാം തീയതി 5.00 മണി വരെ ഉണ്ടായിരിക്കുന്നതാണ്.

വിദ്യാർത്ഥികൾ ഓപ്ഷൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം താഴെ പറയുന്ന സെന്ററിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യണം. രജിസ്ട്രേഷൻ സമയം 8 മണി മുതൽ 10 മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അഡ്മിഷൻ സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. മേഖലാടിസ്ഥാനത്തിലുള്ള സെന്ററുകൾ താഴെ പറയുന്നവയാണ്

- തിരുവനന്തപുരം – യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം
- കൊല്ലം – എസ്.എൻ. കോളേജ് കൊല്ലം
- ആലപ്പുഴ – മാർ ഗ്രിഗോറിയസ് കോളേജ്, പുന്നപ്ര, ആലപ്പുഴ

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട്അഡ്മിഷനിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങുവാൻ പാടുള്ളൂ. സ്പോട്ട്അഡ്മിഷനിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതുവരെ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട് അഡ്മിഷനിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 300 രൂപ, ജനറൽ/ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1030 രൂപ) അടയ്ക്കേണ്ടതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുമ്പ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതണം.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകൾ എന്നിവ സർവകലാശാല വെബ്സൈറ്റിൽ

(http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും. വിദ്യാർത്ഥികൾക്ക് ഇത് സംബന്ധമായ വിവരം എസ്.എം.എസ്. മുഖേന നൽകിയിട്ടുണ്ട്.

## പരീക്ഷാഫലം

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ എം.സി.എ. (2015 സ്കീം), മാർച്ച് 2021 ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ഡിസംബർ 4 ന് നടത്തിയ പിഎച്ച്.ഡി. പ്രവേശന പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. വിജയിച്ച വിദ്യാർത്ഥികൾക്ക് അവരുടെ പാസ്മെമ്മോ റിസർച്ച് പോർട്ടലിലെ അവരവരുടെ പ്രൊഫൈൽ മുഖേന ലഭ്യമാകുന്നതാണ്. ഫലം തടയപ്പെട്ട വിദ്യാർത്ഥികൾ പിഎച്ച്.ഡി. എൻട്രൻസ് വിജ്ഞാപന പ്രകാരമുളള നിർദ്ദിഷ്ട യോഗ്യത സർട്ടിഫിക്കറ്റുകളും, മാർക്ക്ലിസ്റ്റുകളും സമർപ്പിക്കുന്ന മുറയ്ക്ക് ലഭ്യമാകുന്നതാണ്. വിശദവിവരങ്ങൾ 0471 – 2386264 എന്ന നമ്പറിലും acb1@keralauniversity.ac.in എന്ന മെയിൽ മുഖേനയും ലഭ്യമാകുന്നതാണ്.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2021 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി. ജിയോളജി പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി 18, 19 തീയതികളിൽ അതാതു പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്സി. ബയോടെക്നോളജി, എൻവിയോൺമെന്റൽ സയൻസ് പരീക്ഷകളുടെ പ്രാക്ടിക്കൽ ജനുവരി 17 ന് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജനുവരി മാസം 11 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ് (എഫ്.ഡി.പി) (2019 അഡ്മിഷൻ റെഗുലർ, 2018 & 2017 അഡ്മിഷൻ സപ്ലിമെന്ററി, 2016 അഡ്മിഷൻ അഡീഷണൽ സപ്ലിമെന്ററി 2014 അഡ്മിഷൻ മേഴ്സി ചാൻസ്) സൈക്കോളജി, ഹോം സയൻസ്,കെമിസ്ട്രി,സുവോളജി പ്രാക്ടിക്കൽ പരീക്ഷയുടെ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ മാറ്റി

കേരളസർവകലാശാല 2022 ജനുവരി 11 മുതൽ 20 വരെ നടത്താൻ നിശ്ചയിച്ചിരുന്ന എം.എസ്സി. കെമിസ്ട്രി/അനലിറ്റിക്കൽ കെമിസ്ട്രി/പോളിമർ കെമിസ്ട്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്.

## വൈവ വോസി

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം 2022 ജനുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ എം.കോം. സ്പെഷ്യൽ എക്സാം (2018 അഡ്മിഷൻ റെഗുലർ, 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ വൈവ വോസി 2022 ജനുവരി 10 ന് കാര്യവട്ടം വിദൂരവിദ്യാഭ്യാസപഠനകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുതുക്കിയ ടൈംടേബിൾ

കേരളസർവകലാശാല ഫെബ്രുവരി 3 മുതൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി./ബി.ബി.എ.എൽ.എൽ.ബി. പരീക്ഷകളുടെ പുതുക്കിയ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
07.01.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**